"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. **ഡിഎ1/343/2025-തസ്വഭവ**

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 24-09-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രാദേശിക MSME കളുടെയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉല്പന്നങ്ങൾക്ക് പ്രൈസ് പ്രിഫറൻസും പർച്ചേസ് പ്രിഫറൻസും - ധനകാര്യ വകുപ്പിന്റെ ഉത്തരവിലെ നിർദ്ദേശങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(സാധാ)നം.5382/2020/FIN; തീയതി 18.09.2020
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2025-ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.1

**********************

കേന്ദ്ര സർക്കാരിന്റെ 'മേക്ക് ഇൻ ഇൻഡ്യ' പോളിസിയുടെ ഭാഗമായി സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെയും (State PSU) പ്രാദേശിക MSMEകളെയും (Local MSME) പ്രോത്സാഹിപ്പിക്കുന്നതിന് ധനകാര്യവകുപ്പിൽ നിന്നും പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാദേശിക MSME കളെയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇത്തരം സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് പ്രൈസ് പ്രിഫറൻസും പർച്ചേസ് പ്രിഫറൻസും നൽകിക്കൊണ്ട് സൂചിത ഉത്തരവ് പ്രകാരം താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

i. പ്രൈസ് പ്രിഫറൻസ്: സംസ്ഥാന സർക്കാർ വകുപ്പുകൾ/സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളുടെയും പ്രാദേശിക MSME കളുടെയും ഉല്പന്നങ്ങൾ വാങ്ങുമ്പോൾ 15 ശതമാനം പ്രൈസ് പ്രിഫറൻസ് നൽകാവുന്നതാണ്. അതായത് ഒരുല്പന്നത്തിനായി ടെണ്ടർ ചെയ്യുമ്പോൾ ക്വാട്ട് ചെയ്ത ഏറ്റവും കുറഞ്ഞ തുകയേക്കാൾ 15 ശതമാനം (L1+15%) വരെ അധിക തുകയ്ക്ക് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രാദേശിക MSME കളുടെയും ഉല്പന്നങ്ങൾ ആകെ ആവശ്യമുള്ളതിന്റെ 50 ശതമാനം വരെ വാങ്ങാവുന്നതാണ്. ഒന്നിലധികം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും പ്രാദേശിക MSME കളും ഇത്തരത്തിൽ ഉണ്ടെങ്കിൽ ഈ സ്ഥാപനങ്ങളിൽ L1+15% തുകയുടെ താഴെ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത തുകയ്ക്ക് ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് തുല്യമായ അനുപാതത്തിൽ ഉല്പന്നങ്ങൾ നൽകാൻ അവസരം നൽകേണ്ടതാണ്.

ii. പർച്ചേസ് പ്രിഫറൻസ് : സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും പ്രാദേശിക MSMEകളും മുകളിൽ പറഞ്ഞ വിലയ്ക്ക് (L1+15%) ടെണ്ടർ/ക്വട്ടേഷന് പങ്കെടുത്തിട്ടില്ലെങ്കിലും L1 വിലയ്ക്ക് ആകെ ആവശ്യമുള്ളതിന്റെ 50 ശതമാനം നൽകാനുള്ള അവസരം ഇത്തരം സ്ഥാപനങ്ങൾക്ക് (State PSU & Local MSMEകൾ) നൽകേണ്ടതാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും പ്രാദേശിക MSME കളും ഒറ്റക്കോ കൂട്ടായോ L1 വിലയ്ക്ക് നൽകാമെന്ന് സന്നദ്ധത അറിയിച്ചാൽ 50 ശതമാനം ഓർഡർ ഈ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. ഒന്നിലധികം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും പ്രാദേശിക MSME കളും ഉണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് തുല്യമായ അനുപാതത്തിൽ ഉല്പന്നങ്ങൾ വാങ്ങേണ്ടതാണ്.

ധനകാര്യ വകുപ്പിന്റെ സൂചിത ഉത്തരവിലെ മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ബാധകമാണെന്നും ഇതനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകുന്നു.

ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

24. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 24-09-2025 16:51:21

സെക്ഷൻ ഓഫീസർ.